"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

നം:-എച്ച്3/3407/2025/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 21-03-2025

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - സംസ്ഥാനത്തെ എയിഡഡ് സ്കൂളുകളിൽ നിശ്ചിത കാറ്റഗറിയിലെ കെ-ടെറ്റ് യോഗ്യത ഇല്ലാതെ അധ്യാപക നിയമനം / സ്ഥാനകയറ്റം നൽകുന്ന പ്രവണത നിയന്ത്രിക്കുന്നത് സംബന്ധിച്ച്- നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം :- 1 12.02.2025 ലെ -നം. ജെ.ആർ1/587/2024/പൊ.വി.വ സർക്കാർ കത്ത്.

2 30.04.2011 ലെ സ.ഉ (പി) നം. 100/2011/പൊ.വി.വ

3 25.07.2012 ലെ സ.ഉ(പി) നം. 244/2012/പൊ.വി.വ

4 12.02.2021 ലെ സ.ഉ(കൈ) നം 58/2021/പൊ.വി.വ

5 17.02.2023 ലെ സ.ഉ(കൈ) നം.15/2023/പൊ.വി.വ

*****

A. പരാമർശം (2) പ്രകാരം സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനു വ്യവസ്ഥ ചെയ്യുന്ന കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം-2009 സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ആയതിലെ സെക്ഷൻ 23 (1) പ്രകാരം (എൻ.സി.റ്റി.ഇ മാനദണ്ഡപ്രകാരമുള്ള) കുറഞ്ഞ യോഗ്യത അധ്യാപക നിയമനത്തിന് ആവശ്യമാണ്. ആയത് കേരള വിദ്യാഭ്യാസ അവകാശ ചട്ടങ്ങൾ-2011 ലെ 16-ാം ചട്ടവും വ്യവസ്ഥ ചെയ്യുന്നു. പരാമർശം (3) പ്രകാരം സംസ്ഥാനത്ത് ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് യോഗ്യത (കെ-ടെറ്റ്) **01.06.2012 മുതൽ നിയമിതരാകുന്ന** എല്ലാ സ്കൂൾ അധ്യാപകർക്കും വേണമെന്ന് നിഷ്കർഷിച്ചു. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമായി 2009 ലെ വിദ്യാഭ്യാസ അവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ആയത് സാധ്യമാക്കുന്നതിന് മികവുള്ള അധ്യാപകർ നിയമിക്കപ്പെടേണ്ടതിനാൽ, ചട്ടപ്രകാരമുള്ള നിയമിതർക്ക് കെ.ടെറ്റ് യോഗ്യത അത്യാവശ്യമാണ്.

B. കെ-ടെറ്റ് യോഗ്യത ആർജ്ജിക്കുന്നതിന് കേരള വിദ്യാഭ്യാസ അവകാശ ചട്ടങ്ങൾ-2011 നിലവിൽ വന്നത് മുതൽ 5 വർഷമായിരുന്നു സമയപരിധി. സംസ്ഥാനത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച്, എയ്ഡഡ് സ്കൂളുകളിൽ 01/06/2012 മുതൽ 2019-20 അധ്യയന വർഷം വരെ നിയമിതരായ അധ്യാപകരിൽ കെ-ടെറ്റ് യോഗ്യത ഇല്ലാത്തവർക്ക് പ്രസ്തുത യോഗ്യത നേടുന്നതിനു പരാമർശം (4) പ്രകാരം 2020-21 സ്കൂൾ വർഷാവസാനം വരെ സമയം അനുവദിക്കുകയും ചെയ്തിരുന്നു. ടി കാലപരിധിയ്ക്ക് ശേഷവും നടന്ന പരീക്ഷകളിലും മതിയായ യോഗ്യത ആർജ്ജിക്കാത്തവർക്ക് അവസാന അവസരം എന്ന നിലയ്ക്ക് ഒരു പ്രത്യേക പരീക്ഷ പരാമർശം (5) പ്രകാരം നടത്തുകയും ചെയ്തു. വർഷം തോറും 2 കെ-ടെറ്റ്

പരീക്ഷ നടത്തുന്നുണ്ട്. അതിനാൽ നിയമിതർക്ക് 10ൽ കുറയാത്ത അവസരങ്ങൾ ഇതിനോടകം ലഭിച്ചിട്ടുള്ളതുമാണ്.

C. ഇപ്രകാരം കെ.ടെറ്റ് യോഗ്യത ഇല്ലാത്തവർ സേവനത്തിൽ തുടരുമ്പോഴും കെ.ടെറ്റ് കരസ്ഥമാക്കിയ ഒട്ടേറെ പേർ അവസരത്തിനായി കാത്തു നിൽക്കുന്ന അവസ്ഥയാണ് സംസ്ഥാനത്ത് നിലവിലുള്ളത്. കൂടാതെ 2019-2020 വരെയുള്ള നിയമിതർക്ക് കെ.ടെറ്റ് പരീക്ഷ പാസാകുന്നതിനു സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെങ്കിലും 2019-20 നു ശേഷം നിയമനം നടത്തുന്നതിന് അനുവദിച്ച തീയതിയായ 15/07/2021 മുതൽ കെ-ടെറ്റ് യോഗ്യത മാൻഡേറ്ററിയുമാണ്. ടി സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1 . <u>മതിയായ വിഭാഗം കെ.ടെറ്റ് യോഗ്യതയില്ലാതെ അധ്യാപകരെ നിയമിക്കുന്നതോ സ്ഥാനകയറ്റം നൽകുന്നതോ നിയന്ത്രിക്കുന്നതിന് സർക്കാർ, പരാമർശം (1) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക്, നൽകിയ നിർദേശങ്ങൾ നടപ്പിൽ വരുത്തി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും മാനേജർമാർക്കും നൽകുന്നു. പ്രസ്തുത സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ ഉറപ്പ് വരുത്തേണ്ടതാണ്.</u>

2 . സംസ്ഥാനത്തെ ചില എയിഡഡ് സ്കൂൾ മാനേജർമാർ കെ-ടെറ്റ് യോഗ്യത ഇല്ലാത്തവരെ നിയമിക്കുകയും നിയമനാംഗീകാരം നിരസിക്കപ്പെടുന്നതിനെ തുടർന്ന് അവർ കെ-ടെറ്റ് യോഗ്യത നേടിയ തീയതി മുതൽ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ച് അംഗീകാരം നേടുകയും ചെയ്തു വരുന്നു. ഈ പ്രവണത കർശനമായും നിയന്ത്രിക്കേണ്ടതാണ്. കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം XIV A ചട്ടം 1 പ്രകാരം, മാനേജർ പൂർണ്ണ യോഗ്യത ഉള്ളവരെ മാത്രമേ അധ്യാപകരായി നിയമിക്കാവൂ എന്നിരിക്കെ യോഗ്യത ഇല്ലാത്തവരെ നിയമിക്കുകയും കെ-ടെറ്റ് യോഗ്യത നേടുന്നതുവരെ നിയമനാംഗീകാരമില്ലാതെ ടി അധ്യാപകർ തുടരുകയും ചെയ്യുന്നത് യോഗ്യതയുള്ള അധ്യാപകരാൽ പഠിപ്പിക്കപ്പെടുവാനുള്ള കുട്ടികളുടെ അവകാശത്തെ ഹനിക്കുന്നതാണ്. അതിനാൽ ചട്ടങ്ങൾക്കോ സർക്കാർ ഉത്തരവുകൾക്കോ വിരുദ്ധമായി യോഗ്യത ഇല്ലാത്ത അധ്യാപകരെ നിയമിക്കുന്ന മാനേജർമാരെ അയോഗ്യരാക്കുന്നതിനും ഇത്തരം അധ്യാപകരെ ഉടനടി സേവനത്തിൽ നിന്നും ഒഴിവാക്കുന്നതിനും അതത് വിദ്യാഭ്യാസ ആഫീസർമാർക്ക് നിർദ്ദേശം നൽകുന്നു.

3. പരാമർശം (5) പ്രകാരം, നിയമിതരിൽ കെ-ടെറ്റ് ഇളവിന് അർഹതയില്ലാത്തവർക്ക്, ഉയർന്ന തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കണമെങ്കിൽ കെ-ടെറ്റ് യോഗ്യത നിർബന്ധമാണ്. അതായത്, നിശ്ചിത വിഭാഗം കെ-ടെറ്റ് യോഗ്യതയില്ലാതെ സ്ഥാനകയറ്റം നൽകാനാവില്ല. വ്യക്തമായ സർക്കാർ ഉത്തരവ് ഉണ്ടായിട്ടും അത് ലംഘിച്ച് സ്ഥാനക്കയറ്റം നൽകുന്ന നടപടി സർക്കാർ ഉത്തരവിനും ചട്ടങ്ങൾക്കും വിരുദ്ധമാകയാൽ ഇത്തരം നിയമനങ്ങൾ സ്ഥാനക്കയറ്റം നൽകിയ തീയതി മുതൽ അംഗീകരിക്കാനാവില്ല.

01/06/2012 മുതലോ ശേഷമോ സ്ഥിരനിയമനത്തിൽ പ്രവേശിച്ച എയ്ഡഡ് സ്കൂൾ ജീവനക്കാരിൽ നിശ്ചിത കാറ്റഗറിയിലെ കെ-ടെറ്റ് ഉൾപ്പെടെയുള്ള മതിയായ യോഗ്യത നേടിയവർക്കേ സ്ഥാനകയറ്റത്തിനു അർഹതയുള്ളൂ എന്ന് വ്യക്തത വരുത്തുന്നു.

4. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ നിശ്ചിത കെ-ടെറ്റ് യോഗ്യത ഉള്ളവരെ മാത്രമേ 2019-20നു ശേഷം അധ്യാപക തസ്തികകളിൽ നിയമിക്കാവൂ എന്നതിനാൽ നിലവിലുള്ള സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി യോഗ്യത ഇല്ലാത്തവരെ മാനേജർമാർ നിയമിക്കുകയും അവർ സേവനത്തിൽ തുടരുകയും ചെയ്യുന്നുവെങ്കിൽ അത്തരം അധ്യാപകരെ ഉടനടി സേവനത്തിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും, നിയമനം നേടിയവരിൽ, നിശ്ചിത വിഭാഗം കെ-ടെറ്റ് യോഗ്യത ഉള്ളവരെ മാത്രമേ ഉയർന്ന തസ്തികയിൽ സ്ഥാനകയറ്റം നൽകി നിയമിക്കാവൂ എന്നും കർശന നിർദ്ദേശം വീണ്ടും നൽകുന്നു. അതതു കാറ്റഗറി കെ-ടെറ്റ് യോഗ്യത ഇല്ലാതെ ഇതിനോടകം സ്ഥാനക്കയറ്റം നൽകിയ കേസുകളിൽ, അവർ അതതു കാറ്റഗറി കെ-ടെറ്റ് പാസ്സായ തീയതി മുതൽ മാത്രം (യോഗ്യരായ മറ്റ് അവകാശികൾ ഇല്ലാത്ത പക്ഷവും) സ്ഥാനകയറ്റം അംഗീകരിക്കേണ്ടതും, സ്ഥാനകയറ്റം ലഭിച്ചവരിൽ കെ-ടെറ്റ് പാസ്സാകാതെ തുടരുന്നവരുണ്ടെങ്കിൽ അവരെ അടിയന്തിരമായി റിവർട്ട് ചെയ്യേണ്ടതുമാണ്.

5. ചട്ട വിരുദ്ധമായും സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായും യോഗ്യതയില്ലാത്ത അധ്യാപകരെ നിയമിക്കുന്നതോ സ്ഥാനകയറ്റം നൽകുന്നതോ ആയ മാനേജർമാർക്ക് അയോഗ്യത കല്പിക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്. സർക്കുലറിൽ പറയുന്ന കാര്യങ്ങൾ ഗൗരവമായി വീക്ഷിക്കേണ്ടതും ഈ മാസം തന്നെ നടപ്പിൽ വരുത്തേണ്ടതും വീഴ്ച വരുത്താതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്. സർക്കുലറിൽ പറഞ്ഞിരിക്കുന്ന വിഷയങ്ങൾ ലംഘിക്കപ്പെട്ടാൽ കർശനമായ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

Signed by
Shanavas S
Date: 21-03-2025 12:59:49
പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും -

01/06/2012നോ ശേഷമോ എയ്ഡഡ് സേവനത്തിൽ പ്രവേശിച്ചവരിൽ മാർച്ച് 2025 ൽ നിശ്ചിത കാറ്റഗറി കെ-ടെറ്റ് ഇല്ലാത്ത 2019-20 വർഷം വരെയുള്ള നിയമിതരുടെയും 2019-20 വർഷത്തിന് ശേഷമുള്ളവരുടെയും, സർവീസിൽ കയറിയ ശേഷം നിശ്ചിത കാറ്റഗറി കെ-ടെറ്റ് പാസായവരുടെയും, കെ-ടെറ്റ് പാസായിട്ട് അപ്രൂവൽ നേടിയ നിയമിതരുടെയും വേർതിരിച്ച കണക്ക് ക്രോഡീകരിച്ച് 2/4/2025 ന്

ലഭ്യമാക്കേണ്ടതാണ്.

പകർപ്പ്:

1. എല്ലാ ജില്ലാ/ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും -അറിവിലേക്കും തുടർനടപടികൾക്കുമായി നൽകുന്നു (മേൽപ്രകാരമുള്ള കണക്കുകൾ വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് 31/3/2025ന് തന്നെ നൽകുക.)
2. എല്ലാ മാനേജർമാർക്കും പ്രധമാധ്യാപകർക്കും- അറിവിലേക്കും തുടർനടപടികൾക്കും (വിദ്യാഭ്യാസ ആഫീസർമാർ മുഖാന്തിരം)
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര - വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.

ഭരണഭാഷ - മാതൃഭാഷ

NO TO DRUGS

എച്ച്3/34072025/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 21-03-2025
ഇ-മെയിൽ : secret.dge@kerala.gov.in

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം - സംസ്ഥാനത്തെ എയിഡഡ് സ്കൂളുകളിൽ നിശ്ചിത കാറ്റഗറിയിലെ കെ.ടെറ്റ് യോഗ്യത ഇല്ലാതെ അധ്യാപക നിയമനം / സ്ഥാനകയറ്റം നൽകുന്ന പ്രവണത നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട സർക്കുലറിന്മേൽ വ്യക്തത വരുത്തുന്നത് സംബന്ധിച്ച്

സൂചന :- 1. 21.03.2025 ലെ ഈ കാര്യാലയത്തിൽ നിന്നുള്ള എച്ച്3/3407/2025/ഡി.ജി.ഇ നമ്പർ സർക്കുലർ
2.സർക്കാരിന്റെ 05.11.2024 ലെ സർക്കാർ ഉത്തരവ് (കൈ) നം. 133/2024/പൊ.വി.വ നമ്പർ ഉത്തരവ്.
3.സർക്കാരിന്റെ 12.02.2025 ലെ ജെ.ആർ1/587/2024/പൊ.വി.വ നമ്പർ കത്ത്.

******************

01.06.2012 മുതൽ 2019-20 അധ്യയന വർഷം വരെ കെ-ടെറ്റ് യോഗ്യതയില്ലാതെ സേവനത്തിൽ പ്രവേശിച്ചവർക്ക് സൂചന (2) പ്രകാരം നിബന്ധനയോടെ ഇളവ് അനുവദിച്ചിട്ടുള്ളതാണ്. ആയതിനാൽ അപ്രകാരമുള്ളവരെ സംബന്ധിച്ച് മേൽ സർക്കാർ ഉത്തരവാണ് ബാധകമായിട്ടുള്ളത് എന്ന വിവരം വ്യക്തമാക്കുന്നു.

വിശ്വസ്തതയോടെ,

Signed by
R S Shibu
Date: 21-03-2025 16:12:00
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ് : 1) എല്ലാ ജില്ലാ/ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
(അറിവിലേക്കും തുടർനടപടികൾക്കുമായി നൽകുന്നു.)

2) എല്ലാ മാനേജർമാർക്കും പ്രധമാധ്യാപകർക്കും - അറിവിലേക്കും തുടർനടപടികൾക്കുമായി നൽകുന്നു. (വിദ്യാഭ്യാസ ആഫീസർ മുഖാന്തിരം )

3) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)